**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1479** **13/07/2016-ൽ മറുപടിക്ക്**

**ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുവാൻ നടപടി**

**ചോദ്യം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ.കെ.സി.ജോസഫ്
ശ്രീ.ഹൈബി ഈഡൻ
ശ്രീ.കെ.എസ്.ശബരീനാഥൻ

**മറുപടി**

ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സർക്കാർ ഹോമിയോ ഡിസ്പെൻസറിയോ, എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറിയോ (ആയുഷ് ഹോമിയോ പ്രൈമറി ഹെൽത്ത് സെന്റർ) ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഹോമിയോ ഡിസ്പെൻസറികളിലൂടെ പ്രധാനമായും പൊതുജനങ്ങൾക്ക് സൗജന്യ ഹോമിയോപ്പതി ചികിത്സാ സേവനം നൽകുക, സാംക്രമിക രോഗങ്ങളെ പ്രതിരോധിക്കുക, ആരോഗ്യ ബോധവത്കരണം നടത്തുക, മദ്യം/ മയക്കുമരുന്ന് വിമോചന ചികിത്സ നൽകുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദീകരിക്കുമോ? | (സി) | ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഡിസ്പെൻസറികൾ ആരംഭിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ